# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2164

05/12/2018-ൽ മറുപടി
നൽകേണ്ടത്

### *കനോലി കനാൽ*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. പ്രദീപ് കുമാർ** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| (എ) കോഴിക്കോട് നഗരത്തിലെ കനോലി കനാൽ വീതി കൂട്ടി വികസിപ്പിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | (എ) കോഴിക്കോട് നഗര മദ്ധ്യത്തിലൂടെ കടന്നു പോകുന്ന 11.2 കി. മീ. ദൈർഘ്യമുള്ള എരഞ്ഞിക്കൽ - കല്ലായി കനാൽ എന്നറിയപ്പെടുന്ന കനോലി കനാലിന് നിലവിൽ 6.8 മീറ്റർ മുതൽ 20 മീറ്റർ വരെയാണ് വീതിയുള്ളത്. കനോലി കനാൽ പുനരുദ്ധാരണം നടത്തി വെസ്റ്റ്കോസ്റ്റ് കനാലിന്റെ ഭാഗമായി വികസിപ്പിക്കുന്നതിലേക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ തന്നെ പ്രദേശവാസികളിൽ നിന്നും കൈയ്യേറ്റക്കാരിൽ നിന്നും കടുത്ത പ്രതിഷേധം ഉണ്ടാകുകയും പലവിധ തടസ്സപ്പെടുത്തലുകൾ ഉണ്ടാകുകയും ചെയ്തു. ജന്നത്ത് നിസാ മുതൽപേർ ബഹു. ഹൈക്കോടതി മുൻപാകെ WP(C) No. 17387/2017 ആയി ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ 27-07-2017-ലെ വിധിയിൽ ബഹു. ഹൈക്കോടതി അടിയന്തരമായി കനാൽ നിലവിലുള്ള വീതിയിൽ തന്നെ മാലിന്യമുക്തമാക്കി ആവശ്യമായ ആഴത്തിൽ എക്കൽ നീക്കം ചെയ്യുന്നതിന് ഉത്തരവായി തന്നു. എന്നാൽ പ്രദേശവാസികളുടെയും കൈയ്യേറ്റക്കാരുടെയും എതിർപ്പ് കാരണവും, വിധിയുടെ അടിസ്ഥാനത്തിൽ നടത്തിയ പഠനത്തിൽ വീതി കൂട്ടാതെ ചെളി നീക്കം ചെയ്താൽ കനാലിന്റെ വശങ്ങൾ മുൻകാലങ്ങളിലെപ്പോലെ ഇടിയാൻ ഇടയാകുമെന്നും ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ കഴിഞ്ഞില്ല.<br>ഉൾനാടൻ ജലഗതാഗതപാത വികസനവുമായി ബന്ധപ്പെട്ട് സർക്കാർ വിളിച്ചു ചേർത്ത യോഗങ്ങളിൽ കനോലി കനാലിന്റെ വികസനം, പുനരുദ്ധാരണം എന്നിവ നിരവധി തവണ ചർച്ച ചെയ്തിട്ടുണ്ട്. ജനസാന്ദ്രത കൂടുതലുള്ള ഭാഗമായതിനാൽ ഭൂമി ഏറ്റെടുക്കൽ പരമാവധി കുറയ്ക്കുന്നതിനായി കോഴിക്കോട് |

വഴിയുള്ള കനോലി കനാലിന്റെ വികസനം പത്തു മീറ്റർ വീതിയിൽ സാദ്ധ്യമാകുമോ എന്നത് ഉൾനാടൻ ജലഗതാഗത വകുപ്പും കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ)-ഉം സംയുക്തമായി പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**